8291
13/4/15

കേരള സർക്കാർ
സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - വയോജനസൗഹൃദ ഗ്രാമ പഞ്ചായത്ത് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

==================================================================================

**സാമൂഹ്യനീതി (സി) വകുപ്പ്**

സ.ഉ.(സാധാ) നം.405/2015/സാനീവ. തീയതി, തിരുവനന്തപുരം, 25.06.2015

==================================================================================

പരാമർശം : സാമൂഹ്യനീതി വകുപ്പ് ഡയറക്ടറുടെ 18.04.2015 ലെ ജി3/12169/15 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

വയോജനങ്ങളുടെ വിവിധ തരത്തിലുള്ള പ്രശ്നങ്ങൾ അനായാസകരമായി കൈകാര്യം ചെയ്യുന്നതിലേയ്ക്കായി തിരുവനന്തപുരം ജില്ലയിൽ പ്രവർത്തിക്കുന്ന സെന്റർ ഫോർ ജെറോന്റളജിക്കൽ സ്റ്റഡീസ് സെന്റർ നടപ്പിലാക്കിവരുന്ന വയോജന സൗഹൃദ ഗ്രാമപഞ്ചായത്ത് എന്ന പദ്ധതിക്ക് തുടർ ഭരണാനുമതിയും 2015-16 സാമ്പത്തിക വർഷത്തെ "പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായുള്ള പുതിയ സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിയിലെ 2235-60-200-83(പി) ശീർഷകത്തിൽ നിന്നും 9,30,350/- രൂപയും അനുവദിക്കണമെന്ന് പരാമർശകത്തു പ്രകാരം ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം പരിശോധിക്കുകയുണ്ടായി. വയോജനങ്ങളുടെ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിലേയ്ക്കായി തിരുവനന്തപുരം സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ് സെന്റർ പരാമർശം പ്രകാരം സമർപ്പിച്ച വയോജന സൗഹൃദഗ്രാമപഞ്ചായത്ത് എന്ന പ്രൊപ്പോസൽ നടപ്പിലാക്കുന്നതിന് ഭരണാനുമതിയും, പ്രസ്തുത പ്രൊപ്പോസൽ നടപ്പിലാക്കുന്നതിനായി 2015-16 സാമ്പത്തിക വർഷത്തെ 2235-60-200-83 (പി) ശീർഷകത്തിൽ നിന്നും 9,30,350/- (ഒൻപത് ലക്ഷത്തി മുപ്പതിനായിരത്തി മുന്നൂറ്റി അൻപത് രൂപ മാത്രം) അനുവദിച്ചും ഉത്തരവാകുന്നു. പഠന റിപ്പോർട്ട് പ്രകാരം സ്വീകരിക്കേണ്ട action point കൾ സർക്കാരിനും, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിനും സമർപ്പിക്കേണ്ടതാണ്

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എ. ഷാജഹാൻ**
സ്പെഷ്യൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ചെയർമാൻ, സെന്റർ ഫോർ ജെറന്റോളജിക്കൽ സ്റ്റഡീസ്, കൊളംമ്പിയ വില്ല, കേശവദാസപുരം, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്.
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്.
സാമൂഹ്യനീതി (എ) വകുപ്പ്.
വെബ് & ന്യൂ മീഡിയ വിഭാഗം, ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി).
കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ